# സൽമ റേഡിയോസ്

സി. സന്തോഷ് കുമാർ



സൽമ റേഡിയോസ്
C. Santhosh Kumar
(Malayalam: Story)

© 2020, C. Santhosh Kumar
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Personnage écrivant (writing person), a painting by Louis Marcoussis (1878–1941). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സൽമ റേഡിയോസ്

കഥകളുടെ ഒരു സവിശേഷത യുക്തിഭ്രംശങ്ങളെ അവ പരമാവധി ഒഴിവാക്കിയിട്ടുണ്ടാവും എന്നതാണ്. അഥവാ, യുക്തിഭ്രംശം വല്ലതും വന്നു പോയിട്ടുണ്ടെങ്കിൽത്തന്നെ അതു പരിഹരിക്കാൻ പ്രാപ്തമായ ഒരു ഉപകഥ കഥയ്ക്കുള്ളിൽ വിളക്കിച്ചേർക്കപ്പെട്ടിട്ടുമുണ്ടാവും. അങ്ങനെ യുക്തിരാഹിത്യത്തിന്റെ പഴുതുകൾ മുഴുവൻ അടച്ചു കൊണ്ടാണ് ഓരോ കഥയും മുന്നോട്ടു സഞ്ചരിക്കുകയും പൂർത്തിയാവുകയും ചെയ്യുന്നത്. വിശ്വസനീയമാണെന്നു തോന്നിപ്പിക്കുവാൻ വേണ്ടി ഒരു കഥയ്ക്ക് ചെയ്യേണ്ടി വരുന്ന അത്യധ്വാനമാണ് ഈ പഴുതടയ്ക്കൽ. വിശ്വസനീയമായിരിക്കുക എന്നത് ഒരു കഥയുടെ നിലനില്പിനു തന്നെ അത്യന്താപേക്ഷിതമാണെന്ന് പറയേണ്ടതില്ലല്ലോ. അവിശ്വസനീയം എന്ന് ഒറ്റനോട്ടത്തിൽ തോന്നിപ്പിക്കുന്ന കഥകൾ പോലും വിശ്വസിക്കപ്പെടുന്നത് കഥ സ്വയം പുലർത്തിപ്പോരുന്ന ഈ ജാഗ്രത ഒന്നു കൊണ്ടു മാത്രമാണ്.

യാഥാർത്ഥ്യത്തിന്റെ കാര്യം പക്ഷേ മറിച്ചാണ്. അതിന് ഇപ്പറഞ്ഞ ബാധ്യതകളൊന്നുമില്ല. യുക്തിയെ ഭയക്കേണ്ട കാര്യം അതിനില്ല. വിശ്വസനീയമായിരിക്കണം എന്ന നിർബ്ബന്ധം ഒട്ടുമില്ല. ഉണ്മയാണ് അതിന്റെ ശക്തി. വേണമെങ്കിൽ വിശ്വസിച്ചാൽ മതി എന്നതാണ് എക്കാലവും യാഥാർത്ഥ്യത്തിന്റെ നിലപാട്.

ആമുഖമായി ഇത്രയും പറഞ്ഞത് യാഥാർത്ഥ്യം മുന്നോട്ടു വയ്ക്കുന്ന, വേണമെങ്കിൽ വിശ്വസിച്ചാൽ മതി എന്ന ആ വെല്ലുവിളി ഏറ്റെടുക്കാൻ ചങ്കുറ്റമുള്ള ഒരാളാണോ നിങ്ങൾ എന്നറിയാനാണ്. അങ്ങനെയാണെങ്കിൽ നിങ്ങൾക്കു വേണ്ടി മാത്രമുള്ളതാണ് ഇനി പറയാൻ പോകുന്ന കാര്യങ്ങൾ.

പുഴയ്ക്കു കുറുകെയുള്ള പാലം കടന്നു ചെല്ലുന്നിടത്ത് പട്ടണത്തിലെ പ്രധാന നിരത്തിന്റെ ഓരത്തു തന്നെയായിരുന്നു പഴമയുടെ ഗാംഭീര്യത്തെ ഒരു കസവുമുണ്ടു പോലെ പുതച്ച് തലയെടുപ്പോടെ നിന്നിരുന്ന 'സൽമ റേഡിയോസ്' എന്ന പേരുള്ള കട. പേരു സൽമ റേഡിയോസ് എന്നായിരുന്നുവെങ്കിലും ക്ലോക്ക്, വാച്ച്, എമർജൻസി ലാംപ്, ഫാൻ എന്നിവയുടെ കൂടി വില്പനയും റിപ്പെയറിങ്ങും നടന്നിരുന്ന ഒരു ഇടമായിരുന്നു അത്. ഇതേ ആവശ്യങ്ങൾ നിവർത്തിക്കുന്ന കടകൾ പട്ടണത്തിലെമ്പാടും പൊട്ടിമുളച്ചിരുന്നുവെങ്കിലും സൽമ റേഡിയോസിനെ അവഗണിച്ച് അവിടങ്ങളിലേയ്ക്കു പോകാൻ ആർക്കും തന്നെ ധൈര്യമുണ്ടായിരുന്നില്ല.

ചെങ്കല്ലു കെട്ടി കുമ്മായം തേച്ച, ഓടിന്റെ മേൽക്കൂരയുള്ള പൗരാണികമായ ഒരു എടുപ്പായിരുന്നു സൽമ റേഡിയോസിന്റേത്. സൽമ റേഡിയോസിന്റെ തവിട്ടു നിറമുള്ള ഓട്ടിൻ പുറത്ത് കാലം പായലിന്റെയും പൂപ്പലിന്റെയും രൂപത്തിൽ വട്ടു കെട്ടിക്കിടക്കുന്നത് പട്ടണത്തിൽ എവിടെ നിന്നു നോക്കിയാലും ദൃശ്യമായിരുന്നു. പട്ടണത്തെ അതിന്റെ പഴമ ഓർമ്മിപ്പിച്ചു കൊണ്ട് ക്ലാവു പിടിച്ച ഒരു കിരീടം പോലെ സൽമ റേഡിയോസിന്റെ ഓടിട്ട മേൽക്കൂര നിലകൊണ്ടു.

എന്റെ വീട്ടിലെ, തെളിച്ചം നിലച്ചു പോയ ഒരേയൊരു എമർജൻസി ലാംപ് നന്നാക്കി കിട്ടുവാൻ വേണ്ടിയായിരുന്നു ഞാൻ സൽമ റേഡിയോസിൽ എത്തിയത്.

ആകാശമൊന്നിരുണ്ടാൽ, ഒരു കിഴക്കൻ കാറ്റു വീശിയാൽ വിദ്യുച്ഛക്തി നിലച്ചുപോകുന്ന ഒരു കുഗ്രാമത്തിൽ ജീവിക്കുന്ന എന്നെസ്സംബന്ധിച്ചിടത്തോളം ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നായിരുന്നു എമർജൻസി ലാംപ്.

ജരയുടെ ചുളിവുകൾ വീണ മുഖവും നരച്ച കൺപീലികളുമുള്ള ഒരു വൃദ്ധനായിരുന്നു സൽമ റേഡിയോസിന്റെ ഉടമ. അയാളുടെ സഹായിയായി ചന്ദനക്കുറി തൊട്ട്, കട്ടിക്കണ്ണട വെച്ച ഒരു മധ്യവയസ്കനും ഉണ്ടായിരുന്നു.

"റിപ്പെയർ താഴെയാണ്", വൃദ്ധൻ എന്നോടു പറഞ്ഞു. അയാളുടെ ശബ്ദം സ്വപ്നത്തിൽ പ്രത്യക്ഷപ്പെടാറുള്ള മരിച്ചവരുടേതു പോലെ അലൗകികമായ ഒന്നായിരുന്നു.

മധ്യവയസ്കനായ സഹായി കടയുടെ വലത്തെയറ്റത്ത് പാതി മാത്രം തുറന്നിരുന്ന ഒരു വാതിലിനു നേർക്ക് എന്നെ നയിച്ചു കൊണ്ടു പോയി. അയാളുടെ ശരീരഭാഷയിൽ ഒരു അടിമയുടെ വിധേയത്വം മുദ്രിതമായി കിടന്നിരുന്നത് ഞാൻ ശ്രദ്ധിച്ചു.

വാതിലിനപ്പുറം താഴത്തെ നിലയിലേയ്ക്ക് നീളുന്ന ഗോവണിപ്പടികളായിരുന്നു. തടിയുടെ മച്ചുള്ള, രണ്ടു നിലകളിലായി നിർമ്മിച്ചിരിക്കുന്ന ഒരു കെട്ടിടമാണ് അതെന്ന് ഞാൻ അപ്പൊഴാണ് ശ്രദ്ധിച്ചത്. പുറമെ നിന്നു നോക്കിയാൽ അത് ഒരു ഇരുനിലക്കെട്ടിടമാണെന്ന് തോന്നുമായിരുന്നില്ല. നിരത്തിനു സമാന്തരമായി ഉണ്ടായിരുന്നത് മുകളിലത്തെ നില മാത്രമായിരുന്നു. താഴത്തെ നില ആർക്കും കണ്ടെത്താനാവാത്ത ഒരു ഭൂഗർഭ അറ പോലെ ഗോപ്യമായ ഒന്നായിരുന്നു.

ഇരുണ്ട, ഈർപ്പം മണക്കുന്ന താഴത്തെ നിലയിൽ ഒരു വലിയ മേശയ്ക്കു പിറകിൽ തടിച്ചു പൊക്കം കുറഞ്ഞ, കരിങ്കൽ മുഖമുള്ള ഒരു മനുഷ്യൻ ഇരിക്കുന്നുണ്ടായിരുന്നു. അയാളുടെ തലയ്ക്കു മുകളിൽ ഒരു ഇൻകാൻഡസന്റ് ലാംപ് മഞ്ഞ വെളിച്ചം പരത്തിക്കൊണ്ട് പ്രകാശിച്ചു നിന്നു. മേശയ്ക്കു മുകളിൽ പലതരം സ്പെയർ പാർട്സും ടൂൾസും കൂടിക്കുഴഞ്ഞ് ഒരു കൂമ്പാരമായി കിടന്നിരുന്നു.

മേശയ്ക്കു പിറകിൽ ഇരുന്നിരുന്ന മനുഷ്യൻ ഞാൻ കടന്നു ചെല്ലുമ്പോൾ ഒരു വാച്ച് മെയ്ക്കേഴ്സ് സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് തന്റെ വലത്തെ ചെവി ആസ്വദിച്ച് ചൊറിഞ്ഞു കൊണ്ടിരിക്കുകയായിരുന്നു.

"എന്തു പറ്റിയതാ?"

ചെവി ചൊറിയുന്നത് അവസാനിപ്പിച്ച് വാച്ച് മെയ്ക്കേഴ്സ് സ്ക്രൂ ഡ്രൈവർ മുന്നിലെ കൂമ്പാരത്തിലേയ്ക്ക് എറിഞ്ഞു കൊണ്ട് അയാൾ എന്നോടു ചോദിച്ചു.

"തെളിയുന്നില്ല".

എമർജൻസി ലാംപ് മേശപ്പുറത്ത് അയാൾക്കു മുന്നിലേക്ക് നീക്കി വെച്ചു കൊണ്ട് ഞാൻ പറഞ്ഞു.

"ചാർജ് കയറുന്നുണ്ടോ?"

"അതറിയില്ല. ഇന്നലെ രാത്രി മുഴുവൻ കുത്തി വെച്ചിരുന്നതാണ്. എന്നിട്ടും പക്ഷേ തെളിയുന്നില്ല".

"ശരി. നോക്കാം. ടൗണിൽ മറ്റെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പോയിട്ടു വാ".

"മറ്റ് ആവശ്യമൊന്നുമില്ല", ഞാൻ പറഞ്ഞു, "ഭാര്യയെ പല്ലു ഡോക്ടറുടെ അടുത്ത് വിട്ടിട്ടാണ് വന്നിരിക്കുന്നത്. അവിടെയും സമയമെടുക്കും".

"എങ്കിൽ ഇരിക്കു". അയാൾ പറഞ്ഞു.

ഞാൻ മേശയ്ക്കിപ്പുറം അയാൾക്കെതിരെ ഒരു കസേരയിൽ ഇരുന്നു.

അയാൾ ഒരു ഇന്ദ്രജാലക്കാരനെപ്പോലെ നൊടിനേരം കൊണ്ട് മേശപ്പുറത്തെ കൂമ്പാരത്തിനുള്ളിൽ നിന്ന് നീളമുള്ള ഒരു സ്ക്രൂ ഡ്രൈവർ കണ്ടെടുത്തു. അതുപയോഗിച്ച് എമർജൻസി ലാംപ് അഴിക്കാൻ തുടങ്ങിയതും അയാൾ മുഖമുയർത്തി എന്റെ നേർക്ക് ഒരു പരിഹാസച്ചിരി എറിഞ്ഞു.

എമർജൻസി ലാംപിന്റെ സ്ക്രൂ മുറുക്കിയിരിക്കുന്ന ദ്വാരങ്ങളിലെല്ലാം വേട്ടാവളിയൻ കൂടു വെച്ചിരുന്നു.

അയാൾ നീളമുള്ള സ്ക്രൂ ഡ്രൈവർ മാറ്റി വെച്ച് നേർത്ത, അറ്റം കൂർത്ത ഒരു കമ്പി കൊണ്ട് ആ ദ്വാരങ്ങളെല്ലാം വൃത്തിയാക്കാൻ തുടങ്ങി. മണ്ണും മെഴുകും ഗർഭാവസ്ഥയിലുള്ള പ്യൂപ്പയും ഓരോ ദ്വാരങ്ങളിൽ നിന്നും പുറത്തുവന്നു. തുടർന്ന് അയാൾ നീളമുള്ള സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് എമർജൻസി ലാംപ് അഴിക്കുവാൻ ആരംഭിച്ചു.

"രക്ഷയില്ല", അല്പനേരത്തെ ശ്രമത്തിനു ശേഷം അയാൾ പറഞ്ഞു, "സ്ക്രൂ മൊത്തം തുരുമ്പാ. കൂടുതൽ ബലം പ്രയോഗിച്ചാൽ സ്ക്രൂവിന്റെ ഹെഡ് പോകും. പിന്നെ അഴിക്കാനേ പറ്റാതാകും".

ഞാൻ നിശ്ശബ്ദനാണെന്നു കണ്ട് എന്നെ ഒന്നു ചുഴിഞ്ഞു നോക്കിയിട്ട് അയാൾ തുടർന്നു, "സാരമില്ല, വഴിയുണ്ടാക്കാം. മണ്ണെണ്ണയൊഴിച്ച് കുറച്ചു നേരം വെച്ചിട്ട് ഒന്നുകൂടി ശ്രമിക്കാം".

അയാൾ ഒരു കുപ്പി തുറന്ന് എമർജൻസി ലാംപിന്റെ സ്ക്രൂ മുറുക്കിയിരിക്കുന്ന ദ്വാരങ്ങളിൽ മണ്ണെണ്ണ നിറച്ചു.

"ഒന്നൊന്നര മണിക്കൂറെങ്കിലും ഇങ്ങനെ വയ്ക്കണം", അയാൾ പറഞ്ഞു, "അതുവരെ സമയം പോകാൻ ദാ ആ വാതിൽ കണ്ടോ? അതു തുറന്ന് പുറത്തിറങ്ങിക്കോളൂ. പുഴയുടെ തീരമാണ്. അവിടെ പുഴയിലേയ്ക്കു ചാഞ്ഞു നിൽക്കുന്ന പൂവരശിൽ ചാരി ഒരു ചൂണ്ട വെച്ചിട്ടുണ്ട്. താഴെ ഒരു ചിരട്ടയിൽ മണ്ണിരയും. ഒന്നു ചൂണ്ടയിട്ടു വരൂ. അപ്പൊഴേയ്ക്ക് ഇതു റെഡിയായിരിക്കും".

അയാൾ കാണിച്ചു തന്ന വാതിൽ തുറന്ന് ഞാൻ പുറത്തിറങ്ങി. അയാൾ പറഞ്ഞതുപോലെ തന്നെ തൊട്ടു മുന്നിൽ പുഴയായിരുന്നു. തുലാപ്പെയ്ത്തിന്റെ കാലമായതിനാൽ പുഴ ചെങ്കല്ലിന്റെ നിറത്തിൽ കുത്തിയൊഴുകിക്കൊണ്ടിരുന്നു. ഒരു കുറുത്ത പട്ടിയുടെ ജഡം എവിടെയോ എത്തിച്ചേരാൻ തിടുക്കമുള്ളതു പോലെ ആ ഒഴുക്കിനൊപ്പം അതിവേഗത്തിൽ കടന്നു പോയി. ദൂരെ പുഴയ്ക്കു കുറുകെയുള്ള പാലത്തിന്റെ ഭീമൻ കോൺക്രീറ്റു തൂണുകളിൽ ഒഴുക്കിൽപ്പെട്ടു വന്ന മരച്ചില്ലകളും ചപ്പുചവറുകളും തടഞ്ഞു നിന്നിരുന്നു.

ചൂണ്ടയിടാനുള്ള മനസ്സൊന്നും എനിക്കുണ്ടായിരുന്നില്ല. എങ്കിലും അയാളെ വെറുതെ മുഷിപ്പിക്കണ്ട എന്നു കരുതി ചൂണ്ടയിൽ ഒരു മണ്ണിരയെ കോർത്ത് ഞാൻ പുഴയിലേയ്ക്ക് എറിഞ്ഞു. വെള്ളത്തിനു മുകളിലെ പൊങ്ങിന്റെ മൃദുചലനങ്ങളിൽ യാന്ത്രികമായി നോക്കിക്കൊണ്ട് കുറെ നേരം വെറുതെ നിന്നു. പെട്ടെന്ന് പൊങ്ങ് വെള്ളത്തിലാഴ്ന്നു പോകുകയും ചൂണ്ടക്കോലിൽ ഒരു ബലം അനുഭവപ്പെടുകയും ചെയ്തു. ഞാൻ ഒരു റിഫ്ലക്സ് ആക്ഷനിൽ ചൂണ്ടക്കോൽ ആഞ്ഞു വലിച്ചു. ഇടത്തരം വലിപ്പമുള്ള ഒരു വരാലായിരുന്നു അത്.

"നിങ്ങൾ ആളു കൊള്ളാമല്ലോ", അയാൾ അകത്തു നിന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, "ആ വരാലിനെയും കൊണ്ട് ഇങ്ങു പോരൂ".

ഞാൻ അകത്തു ചെന്നപാടെ അയാൾ എന്റെ കൈയിലിരുന്ന് പിടച്ചു കൊണ്ടിരുന്ന വരാലിനെ ശ്രദ്ധാപൂർവം വാങ്ങി അയാളിരുന്ന കസേരയുടെ അടിയിൽ വെച്ചിരുന്ന, പച്ചയീർക്കിൽ കൊണ്ടുണ്ടാക്കിയ ഒരു കോർമ്പലെടുത്ത് അതിൽ കോർത്തിട്ടു. കോർമ്പലിൽ കിടന്നും വരാൽ പിടച്ചിൽ തുടർന്നു. കോർമ്പലിൽ ഞാൻ നൽകിയ വരാലിനെക്കൂടാതെ നാല് അണ്ടികള്ളികൾ കൂടി ഉണ്ടായിരുന്നു. അവ പക്ഷേ അച്ചടക്കമുള്ള മീനുകളായിരുന്നു. മരിച്ച കണ്ണുകളിൽ കൂടി പരലോകത്തെ കാഴ്ചകൾ കണ്ടു കൊണ്ട് അവ ശാന്തരായി കിടന്നു.

"നിങ്ങൾക്കു മുൻപ് വന്ന നാലുപേർക്കും കിട്ടിയത് അണ്ടികള്ളികളാണ്", അയാൾ പറഞ്ഞു, "ഈ പെയ്ത്തുകാലം അണ്ടികള്ളികളുടെ സീസണാണ്. ഏത് അവിദഗ്ധനായ ചൂണ്ടക്കാരനും എളുപ്പം പിടിക്കാൻ കഴിയുന്ന ബുദ്ധിയില്ലാത്ത വർഗ്ഗമാണ് അവ. നിങ്ങൾക്ക് കിട്ടിയതാകട്ടെ ചൂണ്ടയിൽ അത്ര എളുപ്പമൊന്നും കുടുങ്ങാത്ത ബുദ്ധിമാനായ വരാലിനെയും. അതും ഏറ്റവും കുറഞ്ഞ സമയം കൊണ്ട്. നിങ്ങളെ സൂക്ഷിക്കേണ്ടിയിരിക്കുന്നു".

"നമ്മൾ എന്തു കാര്യത്തിന് ഇറങ്ങി പുറപ്പെടുമ്പൊഴും അത് ഫലവത്താകുമോ ഇല്ലയോ എന്നതിന് പ്രകൃതി ചില സൂചനകൾ തരും. ആരും പൊതുവെ അതൊന്നും ശ്രദ്ധിക്കാറില്ല. ഇന്ന് തെളിയാത്ത ഈ എമർജൻസി ലാംപ് നന്നാക്കാനായി വീട്ടിൽ നിന്ന് ഇറങ്ങിത്തിരിച്ചപ്പോൾ നിങ്ങൾക്കും പ്രകൃതി ചില സൂചനകൾ തീർച്ചയായും നൽകിയിട്ടുണ്ടാവും", അയാൾ തുടർന്നു, "ഇലക്ട്രോണുകളുടെ പ്രവാഹം കൊണ്ടും അതുല്പാദിപ്പിക്കുന്ന കാന്തിക വലയങ്ങൾ കൊണ്ടും പ്രവർത്തിക്കുന്ന ഉപകരണങ്ങൾ റിപ്പെയർ ചെയ്യുന്ന ഞങ്ങൾക്ക് പ്രകൃതി നൽകുന്ന സൂചനകൾ പക്ഷേ കണക്കിലെടുത്തേ പറ്റൂ. അതു കൊണ്ടാണ് ഇവിടെ ഇങ്ങനെ ഒരു രീതി ഏർപ്പെടുത്തിയിട്ടുള്ളത്. നിങ്ങൾ കൊണ്ടുവരുന്ന ഉപകരണം, അത് റേഡിയോയോ ക്ലോക്കോ എമർജൻസി ലാംപോ ഫാനോ എന്തുമാകട്ടെ, നന്നാക്കിയെടുക്കാൻ പറ്റുമോ, പറ്റുമെങ്കിൽ എത്ര നേരം കൊണ്ട് എന്നീ കാര്യങ്ങൾ നിങ്ങൾ പുഴയിൽ നിന്ന് ഒരു മീനിനെ ചൂണ്ടയിട്ടു പിടിക്കുന്നതിനെയും അതിനെടുക്കുന്ന സമയത്തെയും ആശ്രയിച്ചിരിക്കുന്നു".

ഞാൻ അയാളുടെ കരിങ്കൽ മുഖത്ത് ഉറ്റുനോക്കി അയാൾ പറയുന്നതു കേട്ടുകൊണ്ടിരുന്നു.

"ഇക്കാര്യം ആദ്യമേ എന്തുകൊണ്ട് പറഞ്ഞില്ല എന്നതായിരിക്കും ഇപ്പോൾ നിങ്ങളുടെ സംശയം. കാരണമുണ്ട്. ഇതെല്ലാം ആദ്യമേ പറഞ്ഞാൽ നിങ്ങളുടെ ചൂണ്ടയിടൽ വളരെ പ്രതീക്ഷയോടെ, ബോധപൂർവം ചെയ്യുന്ന ഒരു പ്രവൃത്തിയായി മാറും. അതു കൊണ്ടു പ്രയോജനമില്ല. വളരെ സ്വാഭാവികമായിട്ടായിരിക്കണം നിങ്ങൾ ചൂണ്ടയിടേണ്ടത്. എങ്കിലേ ഉദ്ദേശിക്കുന്ന ഫലം ലഭിക്കൂ. നിങ്ങളോട് ഞാൻ ടൗണിൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പോയിട്ടു വരാൻ പറഞ്ഞത് ഓർമ്മ കാണുമല്ലോ. അതും ഇതേ കാരണം കൊണ്ടാണ്. മറ്റെന്തെങ്കിലും തിടുക്കങ്ങൾ ഉള്ളിൽ വച്ചു കൊണ്ടാണ് നിങ്ങൾ ചൂണ്ടയിടുന്നതെങ്കിൽ അതും ചൂണ്ടയിടലിന്റെ സ്വാഭാവികതയെ ബാധിക്കുമല്ലോ".



"എന്തായാലും നിങ്ങളെ പ്രതി ലഭിച്ച സൂചനകൾ എല്ലാം ഗംഭീരമാണ്. ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ഇത്രയും ബുദ്ധിയുള്ള ഒരു മത്സ്യത്തെ പിടിച്ച കസ്റ്റമർ എന്റെ ഓർമ്മയിൽ വേറെയില്ല. നിങ്ങളുടെ എമർജൻസി ലാംപ് കണ്ണടച്ചു തുറക്കുന്ന നേരത്തിനുള്ളിൽ ശരിയായിരിക്കും".

അയാൾ എമർജൻസി ലാംപ് സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് പുഷ്പം പോലെ തുറന്ന് ആകെയൊന്നു പരിശോധിച്ചിട്ട് പറഞ്ഞു, "ബാറ്ററി പോയതാ".

"ബാറ്ററിയോ?" ഞാൻ ഒരുറപ്പിനു വേണ്ടി ചോദിച്ചു.

"അതെ", അയാൾ പറഞ്ഞു, "ഈ എമർജൻസി ലാംപ് വാങ്ങിട്ട് ഇപ്പോൾ എത്ര വർഷമായി?"

"കൃത്യമായി ഓർമ്മയില്ല" ഞാൻ പറഞ്ഞു, "എന്നാലും കുറച്ചധികം വർഷങ്ങളായിട്ടുണ്ട്. പിന്നെ, ഇത് ഞാൻ വാങ്ങിയതല്ല. എന്റെ ഒരേയൊരു മരുമകൻ ഗൾഫിൽ നിന്ന് ഒരിക്കൽ ലീവിനു വന്നപ്പോൾ എനിക്ക് സമ്മാനമായി തന്നതാണ്. അതൊക്കെ ഒരു കാലം. ഒരു അമ്മാവൻ എന്ന നിലയിൽ എന്നോട് സ്നേഹവും ബഹുമാനവുമുണ്ടായിരുന്ന ആ കുട്ടിയിൽ നിന്ന് അവൻ ഇപ്പോൾ ഒരു പാട് വളർന്നിരിക്കുന്നു".

"നമുക്ക് കാര്യത്തിലേയ്ക്ക് തിരിച്ചു വരാം", അയാൾ പറഞ്ഞു, "ഇത്രയും വർഷത്തിനിടെ ഇതിന്റെ ബാറ്ററി മാറ്റീട്ടുണ്ടോ?"

"ഇല്ല"

"ബാറ്ററിയൊക്കെ ഒരു മൂന്നു വർഷം നിന്നാൽത്തന്നെ ഭാഗ്യം. ഇതിപ്പോൾ എന്തായാലും അതിൽ കൂടുതൽ ആയിട്ടുണ്ട്. ഏതായാലും മുകളിൽ ചെന്ന് ഒരു ബാറ്ററി വാങ്ങിക്കൊണ്ട് പോരൂ".

ഞാൻ ഗോവണി കയറി മുകളിൽ ചെന്ന് പുതിയ ഒരു ബാറ്ററി വാങ്ങിക്കൊണ്ടു വന്നു. ബാറ്ററി വാങ്ങുമ്പോൾ വൃദ്ധനായ കടയുടമയുടെയും അയാളുടെ സഹായിയുടെയും മുഖങ്ങളിൽ ഒരു ഗൂഢസ്മിതം ഉണ്ടായിരുന്നതായി എനിക്ക് തോന്നി.

പഴയ ബാറ്ററി മാറ്റി പുതിയത് റീപ്ലെയ്സ് ചെയ്തതിനു ശേഷം എമർജൻസി ലാംപ് അയാൾ എനിക്ക് തിരികെ നൽകി.

"വീട്ടിൽ കൊണ്ടുപോയി ഒരു ആറു മണിക്കൂറെങ്കിലും ചാർജ് ചെയ്യണം" അയാൾ പറഞ്ഞു.

"ചെയ്യാം", ഞാൻ പറഞ്ഞു, "എന്തായാലും ഇപ്പോൾ ഒന്ന് ഓൺ ചെയ്തു നോക്കട്ടെ, തെളിയുമോ എന്ന് അറിയാമല്ലോ".

"തെളിയാൻ വഴിയില്ല", അയാൾ പറഞ്ഞു", പുതിയ ബാറ്ററിയല്ലേ. ചാർജു കാണില്ല".

"റസിഡ്യുവൽ ചാർജ് അല്പമെങ്കിലും കാണാതിരിക്കുമോ?"

"പരീക്ഷിച്ചു നോക്കൂ".

ഞാൻ എമർജൻസി ലാംപ് ഓൺ ചെയ്തു നോക്കി. തെളിഞ്ഞില്ല.

"ഞാൻ പറഞ്ഞില്ലേ. വീട്ടിൽ കൊണ്ടു പോയി ചാർജ് ചെയ്തിട്ട് നോക്കൂ. ഓൺ ആയിക്കൊള്ളും". അയാൾ പറഞ്ഞു.

"നിങ്ങൾ ഇവിടെത്തന്നെ ഇത് ഒരു അര മണിക്കൂർ ചാർജ് ചെയ്യൂ", ഞാൻ ശബ്ദം കടുപ്പിച്ചു, "ഇത് തെളിഞ്ഞു കണ്ടിട്ടേ ഞാൻ കൊണ്ടു പോകുന്നുള്ളൂ".

അയാൾ മറുത്തൊന്നും പറയാതെ എമർജൻസി ലാംപ് വാങ്ങി ചാർജ് ചെയ്യുവാൻ വെച്ചു.

അരമണിക്കൂർ നേരത്തെ ചാർജിങ് കഴിഞ്ഞപ്പോൾ ഞാൻ എമർജൻസി ലാംപ് ഒന്നുകൂടി ഓൺ ചെയ്തു നോക്കി. അപ്പോഴും തെളിഞ്ഞില്ല.

"ഇത് ബാറ്ററിയുടെ പ്രശ്നമല്ല", ഞാൻ പറഞ്ഞു, "എന്നെ കബളിപ്പിക്കാമെന്നാണോ നിങ്ങളുടെ വിചാരം?"

"എങ്കിൽ നിങ്ങൾ പറയൂ", ഗൂഢമായ ഒരു ചിരിയോടെ അയാൾ പറഞ്ഞു.

ഞാൻ കർക്കശമായി സംസാരിച്ചിട്ടും അയാൾ അത് ഗൗരവത്തിലെടുക്കാത്തതെന്താണെന്ന് എനിക്ക് മനസ്സിലായില്ല.

"ഞാൻ പറയാം, ഇനി ഞാനേ പറയൂ. നിങ്ങൾ അനുസരിക്കും". എനിക്ക് ദേഷ്യം നിയന്ത്രിക്കാനായില്ല, "നിങ്ങൾ ഇതിന്റെ ഫിലമെന്റ് പരിശോധിച്ചോ, ചാർജിങ് കോഡ് പരിശോധിച്ചോ, ഇതൊന്നും ചെയ്യാതെ ആദ്യം തന്നെ ബാറ്ററി മാറ്റിയിട്ടിട്ട് ശരിയായെന്നു പറഞ്ഞാൽ..."

എന്റെ നിർദ്ദേശങ്ങൾ അയാൾ എതിർപ്പൊന്നും കൂടാതെ അനുസരിക്കാൻ തയ്യാറായി. അയാൾ ആദ്യം എമർജൻസി ലാംപിന്റെ ചാർജിങ് കോഡ് അഴിച്ചെടുക്കുകയും ഡിജിറ്റൽ മൾട്ടിമീറ്റർ ഉപയോഗിച്ച് ഓരോ വയറിന്റെയും കണ്ടിന്യൂറ്റി പ്ലഗ്ഗിന്റെ പിൻ മുതൽ വയറിന്റെ മറ്റെയറ്റം വരെ പരിശോധിക്കുകയും ചെയ്തു. അതിൽ ഒരു വയർ പരിശോധിച്ചപ്പോൾ കണ്ടിന്യൂറ്റി കാണിക്കുകയുണ്ടായില്ല.

"നോക്കൂ, ഇതായിരിക്കണം പ്രശ്നം", ഞാൻ അയാളോടു പറഞ്ഞു.

ഞാൻ വീണ്ടും മുകൾ നിലയിൽ പോയി പുതിയ ഒരു ചാർജിങ് കോഡ് വാങ്ങിക്കൊണ്ടു വന്നു. ചാർജിങ് കോഡ് നൽകുമ്പോൾ കടയുടമയുടെയും അയാളുടെ സഹായിയുടെയും മുഖങ്ങളിൽ ആദ്യം കണ്ട അതേ ഗൂഢസ്മിതം വീണ്ടും ഉണരുന്നത് ഞാൻ ശ്രദ്ധിച്ചു.

പഴയ ചാർജിങ് കോഡ് മാറ്റി പുതിയത് കണക്ട് ചെയ്തതോടെ ബാറ്ററി ചാർജ് ആകാൻ തുടങ്ങുകയും എമർജൻസി ലാംപ് തെളിയുകയും ചെയ്തു.

"തീർന്നില്ല", ഞാൻ അയാളോടു പറഞ്ഞു, "ഇനി നിങ്ങൾ ആ പുതിയ ബാറ്ററി അഴിച്ചു മാറ്റി പഴയത് റീപ്ലെയ്സ് ചെയ്യൂ. എന്നിട്ട് വീണ്ടും ചാർജ് ചെയ്യൂ".

അയാൾ അപ്രകാരം ചെയ്തതിനു ശേഷവും ബാറ്ററി ചാർജ് ആവുകയും എമർജൻസി ലാംപ് തെളിയുകയും ചെയ്തു.

"നോക്കൂ", ഞാൻ പറഞ്ഞു, "വെറും ഒരു ചാർജിങ് കോഡ് മാറ്റിയിടുന്നതു കൊണ്ട് പരിഹരിക്കപ്പെടുമായിരുന്ന കാര്യത്തിനാണ് നിങ്ങൾ ആദ്യം തന്നെ ബാറ്ററി മാറ്റിയത്. അൻപതു രൂപയുടെ ചാർജിങ് കോഡിനു പകരം കസ്റ്റമറെക്കൊണ്ട് ആയിരത്തി അഞ്ഞൂറു രൂപയുടെ ബാറ്ററി മാറ്റി വയ്പ്പിക്കുക. നിങ്ങൾ എന്തു തരത്തിലുള്ള തൊഴിൽ മൂല്യമാണ് പുലർത്തുന്നത്".

"ക്ഷമിക്കണം. തെറ്റു പറ്റി", അയാൾ തന്റെ കസേരയിൽ നിന്ന് എഴുന്നേറ്റ് കൂപ്പുകൈകളോടെ പറഞ്ഞു, "ഈ കസേരയിലിരിക്കാൻ എന്നെക്കാൾ എന്തുകൊണ്ടും യോഗ്യൻ താങ്കളാണെന്ന് തെളിയിച്ചിരിക്കുന്നു".

ഞാൻ വിശ്വാസം വരാതെ അയാളുടെ മുഖത്ത് ഉറ്റുനോക്കി. അപ്പൊഴേയ്ക്കും അയാൾ എന്നെ നിർബ്ബന്ധപൂർവം ആനയിച്ചുകൊണ്ടുവന്ന് അയാളുടെ കസേരയിൽ ഇരുത്തിക്കഴിഞ്ഞിരുന്നു. എന്നിട്ട് അയാൾ ഞാൻ ഇരുന്ന കസേരയിൽ ചെന്ന് ഇരുന്നു.

"നിങ്ങളുടെ ബുദ്ധിവൈഭവം കണ്ടപ്പോൾ", അയാൾ പറഞ്ഞു, "ഇതും ഒരു പരീക്ഷണമാണെന്ന് നിങ്ങൾ തിരിച്ചറിയുമെന്ന് ഞാൻ പ്രതീക്ഷിച്ചു".

"ചിലപ്പോൾ അങ്ങനെയാണ്", അയാൾ തുടർന്നു, "നമ്മുടെ ബുദ്ധി നമ്മളെത്തന്നെ തിരിഞ്ഞു കൊത്തും".

അയാളുടെ മുഖത്ത് ഇപ്പോൾ കടയുടമയുടെയും അയാളുടെ സഹായിയുടെയും മുഖത്തു തെളിഞ്ഞ അതേ ഗൂഢസ്മിതം തെളിയുന്നത് ഞാൻ ശ്രദ്ധിച്ചു.

"വിഷമിക്കാനൊന്നുമില്ല", അയാൾ തുടർന്നു, "അല്ലെങ്കിൽത്തന്നെ നമ്മളൊക്കെ ജീവിക്കുന്നത് നമ്മുടെ തന്നെ ജീവിതങ്ങളാണ് എന്നതിന് എന്താണ് ഉറപ്പുള്ളത്".

പെട്ടെന്ന് മേശപ്പുറത്തു വച്ചിരുന്ന എന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു. ഡിസ്പ്ലേയിൽ വൈഫ് എന്ന് കണ്ടതോടെ ഭാര്യ പല്ലു ഡോക്ടറുടെ അടുത്തു നിന്ന് ഇറങ്ങിയിട്ടുണ്ടാകുമെന്ന് ഞാൻ ഊഹിച്ചു.

പക്ഷേ എന്നെ ഞെട്ടിച്ചു കൊണ്ട് അയാൾ ആ ഫോൺ എടുത്ത് ചെവിയിൽ ചേർത്തു.

"ഹലോ", അയാൾ പറഞ്ഞു, "ഡോക്ടറെ കണ്ടു കഴിഞ്ഞോ? ശരി. ഞാൻ ദാ വരുന്നു".

അയാളുടെ വളരെ സ്വാഭാവികമായ ആ പ്രവൃത്തി ഒരു വേള അയാൾ സ്വന്തം ഭാര്യയോടു തന്നെയായിരിക്കുമോ സംസാരിച്ചത് എന്ന സംശയം എന്നിൽ ജനിപ്പിച്ചു.

"ഇതിന്റെ റിപ്പെയറിങ് ചാർജ് എത്രയാണ്?" എമർജൻസി ലാംപ് കൈയിലെടുത്ത് പോകാനെഴുന്നേറ്റു കൊണ്ട് അയാൾ ചോദിച്ചു.

എനിക്ക് അപ്പോൾ ലവലേശം സംശയമുണ്ടായില്ല. ഞാൻ ഇടത്തെ മേശവലിപ്പിനുള്ളിൽ നിന്ന് ബിൽ ബുക്ക് പുറത്തെടുത്ത് അയാൾക്ക് ബില്ലെഴുതി നൽകി.

"പേയ്മെന്റ് മുകളിലാണ്" ഞാൻ അയാളോടു പറഞ്ഞു.

അയാൾ പോയതിനു പിന്നാലെ ഞാൻ മേശപ്പുറത്തെ സ്പെയർ പാർട്ട്സും ടൂൾസും കൂടിക്കുഴഞ്ഞുകിടന്ന കൂമ്പാരത്തിനുള്ളിൽ നിന്ന് ഒരു ഇന്ദ്രജാലക്കാരനെപ്പോലെ നൊടിനേരം കൊണ്ട് ഒരു വാച്ച് മെയ്ക്കേഴ്സ് സ്ക്രൂ ഡ്രൈവർ കണ്ടെടുത്തു.എന്നിട്ട് വളരെ നേരമായി ചൊറിച്ചിൽ അനുഭവപ്പെട്ടുകൊണ്ടിരുന്ന എന്റെ വലത്തെ ചെവി അതുപയോഗിച്ച് ആസ്വദിച്ച് ചൊറിയാൻ തുടങ്ങി.

□

## സി. സന്തോഷ് കുമാർ



ജനനം: 25.05.1971.
സ്വദേശം: കോട്ടയം ജില്ലയിലെ എഴുമാന്തുരുത്ത് എന്ന ഗ്രാമം.

ഇരുപതു വർഷത്തെ സേവനത്തിനു ശേഷം 2012-ൽ വ്യോമസേനയിൽ നിന്നു വിരമിച്ചു. ഇപ്പോൾ ഇന്ത്യൻ ഓഡിറ്റ് ആൻറ് അക്കൗണ്ട്സ് ഡിപാർട്മെൻറിൽ ജോലി ചെയ്യുന്നു.

ഒരു ഡസനോളം ചെറുകഥകൾ എഴുതിയിട്ടുണ്ട്. പുസ്തകങ്ങളൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല.

ഭാര്യ: രാധ.
മക്കൾ: ആദിത്യൻ, ജാനകി.

ചിത്രങ്ങൾ: വി. മോഹനൻ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014